## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5341** **15-03-2023 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | **മീഞ്ച, മൂളിയാർ, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. മീഞ്ച കൃഷി ഭവനിൽ കൃഷി ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് 01.08.2022 മുതലും മൂളിയാർ, മഞ്ചേശ്വരം കൃഷി ഭവനുകളിൽ യഥാക്രമം 28.02.2023 മുതലും 31.01.2023 മുതലും (വിരമിക്കൽ മൂലം) ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.**<br><br>**കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് 23.07.2020-ൽ അവസാനിച്ചതിനാലാണ് ഈ തസ്തികയിലെ ഒഴിവുകൾ നികത്താൻ സാധിക്കാത്തത്.** |
| (ബി) | എത്രകാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നും ആയത് ഇതുവരെ നികത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ; | (ബി) | **മീഞ്ച, മൂളിയാർ, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. മീഞ്ച കൃഷി ഭവനിൽ കൃഷി ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് 01.08.2022 മുതലും മൂളിയാർ, മഞ്ചേശ്വരം കൃഷി ഭവനുകളിൽ യഥാക്രമം 28.02.2023 മുതലും 31.01.2023 മുതലും (വിരമിക്കൽ മൂലം) ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.**<br><br>**കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് 23.07.2020-ൽ അവസാനിച്ചതിനാലാണ് ഈ തസ്തികയി ലെ ഒഴിവുകൾ നികത്താൻ സാധിക്കാത്തത്.** |
| (സി) | പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാരണം കർഷകരും പൊതുജനങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | **കർഷകർക്കും, പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് നേരിടാതിരിക്കാൻ ചാർജ്ജ് ക്രമീകരണം/ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം എന്നിവ സ്വീകരിച്ചു വരുന്നു.** |
| (ഡി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ? | (ഡി) | **കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു** |

| | | | |
|---|---|---|---|
| | | | **വരുന്നു. ടി തസ്തികകൾക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം അന്തിമ ഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ